# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ

**എ.എ.എസ്. 18/2021 (ചൊവ്വാഴ്ച)** **തീയ്യതി: 02.03.2021**

## അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 03.03.2021 | 04.03.2021 | 05.03.2021 | 06.03.2021 | 07.03.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 36 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 84 | 84 | 84 | 84 | 84 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 25 | 25 | 25 | 25 | 25 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 12 | 14 | 13 | 5 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 90 | 90 | 90 | 110 |
| മേഘവ്യാപ്തി (ഒക്ട) | 1 | 1 | 1 | 1 | 2 |

ജില്ലയിൽ വരും ദിവസങ്ങളിൽ വരണ്ട കാലാവസ്ഥ പ്രതീക്ഷിക്കുന്നു. കൂടിയ താപനില 36°C വരെയും കുറഞ്ഞ താപനില 23°C വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: അന്തരീക്ഷ താപനില കൂടിവരുന്നതിനാൽ വിളകൾക്ക് സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങളിലൂടെ ജലസേചനം നൽകുക. പുതയിടൽ പോലുള്ള വരൾച്ചാ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.

## കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| തെങ്ങ് | പരിപാലനം | അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരി ഇട്ടു മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്നു മൂന്നു മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാല് കീറിയോ, ഓരോ തെങ്ങിന്റെ കടക്കു ചുറ്റും തടിയിൽ നിന്നും രണ്ടു മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരികൾ നിരത്തിയ ശേഷം മണ്ണിട്ട് മൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേക്ക് വരത്തക്ക വിധത്തിലാണ് ചകിരി അടുക്കേണ്ടത്. ഇതിനു മുകളിൽ മണ്ണിട്ട് മൂടണം. ഇതിന്റെ ഗുണം 5-7 വർഷക്കാലം നിലനിൽക്കും. ചകിരിക്ക് പകരം ചകിരിച്ചോർ തെങ്ങ് ഒന്നിന് 25 കിലോഗ്രാം എന്ന തോതിൽഓരോ വർഷവും തടത്തിൽ ഇട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും. |
| വാഴ | മാണവണ്ട് | മാണവണ്ടിന്റെ ഉപദ്രവം കാണാൻ സാധ്യത ഉണ്ട്. വാഴക്കന്ന് നടുന്നതിന്റെ മുൻപ് കന്നിന്റെ അടിഭാഗം ചെത്തി വൃത്തിയാക്കി ചാണകലായനിയും ചാരവും കലർന്ന മിശ്രിതത്തിൽ മുക്കി മൂന്നു നാല് ദിവസം വെയിലത്ത് വച്ച് ഉണക്കി നടുക. വാഴക്കന്ന് ഒന്നിന് ഒരു കിലോഗ്രാം വേപ്പിൻ പിണ്ണാക്ക് എന്ന തോതിൽ നടുമ്പോൾ ഇട്ടു കൊടുക്കുക. |
| പയർ | നീരൂറ്റിക്കുടിക്കുന്ന പ്രാണികൾ | നീരൂറ്റി കുടിക്കുന്ന പ്രാണികളെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| കന്നുകാലികൾ | പരിപാലനം | അന്തരീക്ഷത്തിലെ ചൂട് കൂടി വരുന്നതിനാൽ കന്നുകാലികൾക്ക് ധാരാളം തണുത്ത വെള്ളം കൊടുക്കുക. അതിരാവിലെയും വൈകിട്ടും പുല്ലു, വൈക്കോൽ മുതലായ പരുഷാഹാരങ്ങൾ നൽകുക. നേരിട്ട് സൂര്യാഘാതം ഏൽക്കാത്ത രീതിയിൽ മാറ്റിക്കെട്ടുക. |